**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4664** **29-10-2021 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള കണക്ഷനുകളുടെ ഉടമസ്ഥാവകാശം മാറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വീടുകൾ ക്രയവിക്രയം നടത്തുമ്പോൾ കുടിവെള്ള കണക്ഷനുകളുടെ ഉടമസ്ഥാവകാശം മാറ്റാൻ ഓഫീസുകളിൽ കയറിയിറങ്ങുന്നതിനുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഏകജാലക സംവിധാനം നടപ്പാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് വീടുകൾ ക്രയവിക്രയം നടത്തുമ്പോൾ കുടിവെള്ള കണക്ഷനുകളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി ലഘൂകരിച്ചിട്ടുണ്ട്. അതനുസരിച്ച് അപേക്ഷ ഫോം ,സ്ഥലം കൈമാറ്റം ചെയ്ത കേസുകളിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ഉപഭോക്താവ് മരണപ്പെട്ട കേസുകളിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശം ആരുടെ പേരിൽ മാറ്റുന്നുവോ ആ വ്യക്തിയുടെ ആധാർ കാർഡിന്റെ പകർപ്പ്, ഫോൺ നമ്പർ എന്നീ രേഖകൾ മാത്രം നൽകി ഉടമസ്ഥാവകാശം മാറ്റാവുന്നതാണ്. ഉടമസ്ഥാവകാശം മാറ്റുന്നത് സംബന്ധിച്ച് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ